ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 24-03-2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ട്രാൻസ്ജെൻഡർ അവകാശ സംരക്ഷണ ഭേദഗതി ബിൽ ലോക്സഭ പരിഗണിച്ചു. 2026 ലെ ധനവിനിയോഗ ബിൽ രാജ്യസഭ ചർച്ച ചെയ്യു.
   **Lok Sabha takes up the Transgender Persons (Protection of Rights) Amendment Bill; Rajya Sabha discusses the Appropriation Bill 2026.**

2. ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്ന ഇന്ത്യക്കാരുടെ സുരക്ഷ പ്രധാന ആശങ്കയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പശ്ചിമേഷ്യൻ സംഘർഷം സംബന്ധിച്ച് രാജ്യസഭയിൽ പ്രസ്താവന നടത്തി പ്രധാനമന്ത്രി.
   **Prime Minister Narendra Modi says ensuring the safety of Indians working in Gulf countries a major concern for India; PM makes a statement in the Rajya Sabha on the West Asia conflict.**

3. പശ്ചിമേഷ്യൻ സംഘർഷ പശ്ചാത്തലത്തിൽ മതിയായ ഇന്ധന ശേഖരം ഉറപ്പാക്കിയിട്ടുണ്ടെന്ന് കേന്ദ്ര സർക്കാർ.
   **Centre assures adequate fuel reserves amid the West Asia conflict.**

4. കേരളത്തിൽ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്ന് നടന്നു. ആദ്യ കണക്കുകൾ പ്രകാരം സംസ്ഥാനത്താകെ നിരസിച്ചത് 330 പത്രികകൾ.

Scrutiny of nomination papers for the Kerala Assembly elections held today; 330 nominations rejected across the state as per initial figures.

5. ഹിന്ദു, സിഖ്, ബുദ്ധ മതവിശ്വാസത്തിൽപ്പെട്ടവർക്ക് മാത്രമേ പട്ടികജാതി പദവിക്ക് അർഹതയുള്ളൂ എന്ന് സുപ്രീം കോടതി. മറ്റ് മതങ്ങളിലേക്കുള്ള പരിവർത്തനത്തിലൂടെ പട്ടികജാതി പദവി പൂർണമായി നഷ്ടപ്പെടുമെന്നും പരമോന്നത കോടതി.

   Supreme Court rules that, only individuals belonging to Hindu, Sikh, or Buddhist faiths are eligible to claim Scheduled Caste status; conversion to other religions results in complete loss of SC status.

6. മിയാമി ഓപ്പൺ ടെന്നീസിൽ, ബെലറൂസിന്റെ അരിന സബലെങ്ക ക്വാർട്ടറിൽ.

   In the Miami Open tennis tournament, Belarus′ Aryna Sabalenka enters the quarterfinals.

&&&&&&&&&&&&&&&&&

## PARLIAMENT

പാർലമെന്റിന്റെ ഇരു സഭകളിലും നടപടികൾ തുടരുന്നു. 2026 ലെ ട്രാൻസ്ജെൻഡർ അവകാശ സംരക്ഷണ ഭേദഗതി ബിൽ ലോക്സഭ പരിഗണനയ്ക്കെടുത്തു. 2019 ലെ ട്രാൻസ്ജെൻഡർ അവകാശ സംരക്ഷണം നിയമം ഭേദഗതി ചെയ്യുക എന്നതാണ് ബില്ലിലൂടെ ലക്ഷ്യമിടുന്നത്. അതേസമയം ബിൽ സബ്ജക്ട് കമ്മിറ്റിക്ക് വിടണമെന്ന് പ്രതിപക്ഷ എം.പി മാർ ആവശ്യപ്പെട്ടു. നടപടികൾ പൂർത്തിയാക്കി ലോക്സഭ ഇന്നത്തേക്ക് പിരിഞ്ഞു. 2026 ലെ ധനവിനിയോഗ ബില്ലിന്റെ ചർച്ച രാജ്യസഭയിൽ പുരോഗമിക്കുകയാണ്.

&&&&&&&&&&&&&&&&&

## RS-PM WEST ASIA (INTRO)

സംഭാഷണത്തിലൂടെയും നയതന്ത്ര ബന്ധങ്ങളിലൂടെയും പശ്ചിമേഷ്യൻ മേഖലയിൽ സമാധാനം പുനഃ സ്ഥാപിക്കുന്നതിന് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി. പ ശ്ചിമേഷ്യൻ സംഘർഷം സംബന്ധിച്ച് രാജ്യസഭയിൽ പ്രസ്താവന നട ത്തുകയായിരുന്നു അദ്ദേഹം. ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്ന ഒരു കോടി ഇന്ത്യക്കാരുടെ സുരക്ഷ പ്രധാന ആശങ്കയാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയ്സ്.......)

ഗൾഫ് മേഖല, ഇറാൻ, ഇസ്രയേൽ, അമേരിക്ക ഉൾപ്പെടെയുള്ള രാജ്യങ്ങളിലെ നേതാക്കളുമായി ചർച്ച നടത്തിയതായും പ്രധാനമന്ത്രി പറഞ്ഞു. സംഘർഷം ലഘൂകരിക്കണമെന്നും ഹോർമുസ് കടലിടുക്ക് വീണ്ടും തുറക്കണമെന്നും ഇന്ത്യ ആവശ്യപ്പെട്ടിട്ടുണ്ട്. ഇന്ത്യൻ കപ്പലുകളുടെ സുരക്ഷ ഉറപ്പാക്കാൻ നയതന്ത്ര ബന്ധത്തിലൂടെ ശ്രമം നടത്തുന്നതായും പ്രധാനമന്ത്രി സഭയെ അറിയിച്ചു.

&&&&&&&&&&&&&&&&&&

## RAJNATH WEST ASIA MEET

രാജ്യ രക്ഷാ മന്ത്രി രാജ്നാഥ് സിങ്ങിന്റെ അധ്യക്ഷതയിൽ ഉന്നതതല സുരക്ഷാ അവലോകന യോഗം ചേർന്നു. സംയുക്ത സൈനിക മേധാവി ജനറൽ അനിൽ ചൗഹാൻ, എയർ ചീഫ് മാർഷൽ അമർ പ്രീത് സിംഗ്, കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി, നാവികസേനാ മേധാവി അഡ്മിറൽ ദിനേഷ് കെ.ത്രിപാഠി ഉൾപ്പെടെയുള്ളവർ പങ്കെടുത്തു. പശ്ചിമേഷ്യൻ സംഘർഷം നാലാം ആഴ്ചയിലേക്ക് കടക്കുന്നതിനിടെയാണ് സുരക്ഷാ അവലോകന യോഗം.

&&&&&&&&&&&&&&&&&&

## WEST ASIA- DAILY BRIEF

പശ്ചിമേഷ്യൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ ഇന്ധനക്ഷാമം ഉണ്ടാകില്ലെന്നും എൽ.പി.ജി, പെട്രോൾ, ഡീസൽ എന്നിവയുടെ മതിയായ ശേഖരം ഉറപ്പാക്കിയിട്ടുണ്ടെന്നും കേന്ദ്രസർക്കാർ. തിങ്കളാഴ്ച വരെ ഏകദേശം 7,500 പി.എൻ.ജി , ഗാർഹിക, വാണിജ്യ കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന് പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയ ജോയിന്റ് സെക്രട്ടറി സുജാത ശർമ പറഞ്ഞു. ന്യൂഡൽഹിയിൽ അന്തർ-മന്ത്രാലയ തല പത്ര സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അവർ. എൽ.പി.ജി വഹിച്ചുകൊണ്ടുള്ള രണ്ട് ഇന്ത്യൻ കപ്പലുകൾ ഹോർമുസ് കടലിടുക്ക് സുരക്ഷിതമായി കടന്നതായി തുറമുഖ, ഷിപ്പിംഗ്, ജലഗതാഗത മന്ത്രാലയ സെക്രട്ടറി രാജേഷ് കുമാർ സിൻഹ പറഞ്ഞു. ഫെബ്രുവരി 28 മുതൽ ഏകദേശം 4,200 യാത്രക്കാർ ഗൾഫ് മേഖലയിൽ നിന്ന് ഇന്ത്യയിലേക്ക് മടങ്ങിയതായി വിദേശകാര്യ മന്ത്രാലയത്തിന്റെ അഡീഷണൽ സെക്രട്ടറി അസീം ആർ മഹാജൻ പറഞ്ഞു. പശ്ചിമേഷ്യ , ആഗോള സാമ്പത്തിക പ്രതിസന്ധി, ഊർജ സുരക്ഷ എന്നിവ സംബന്ധിച്ച് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ യു.എസ് സ്റ്റേറ്റ് സെക്രട്ടറിയുമായി ചർച്ച നടത്തിയതായി വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു.

&&&&&&&&&&&&&&&&&&

## PM-TRUMP

പ്രധാനമന്ത്രി നരേന്ദ്ര മോദി അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപുമായി ടെലിഫോണിൽ സംഭാഷണം നടത്തി. പശ്ചിമേഷ്യയിലെ നിലവിലെ സാഹചര്യങ്ങളെക്കുറിച്ച് ചർച്ച നടത്തിയതായി പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ പറഞ്ഞു. സംഘർഷം ലഘൂകരിക്കുന്നതിനും സമാധാനം

പുനഃസ്ഥാപിക്കുന്നതിനും ഇന്ത്യ പിന്തുണ നൽകുന്നുണ്ടെന്ന പറഞ്ഞ പ്രധാനമന്ത്രി തുറന്നതും സുരക്ഷിതവുമായ ഹോർമുസ് കടലിടുക്ക് ലോകത്തിൻറെ ആകെ ആവശ്യമാണെന്നും പറഞ്ഞു. മേഖലയിലെ സമാധാനവും സ്ഥിരതയും ഉറപ്പാക്കാനുള്ള ശ്രമങ്ങളിൽ നിരന്തരം സമ്പർക്കം പുലർത്താൻ ഇരുനേതാക്കളും ധാരണയിലായതായും പ്രധാനമന്ത്രി പറഞ്ഞു .

&&&&&&&&&&&&&&&&&

## WEST ASIA CONFLICT ( INTRO )

പശ്ചിമേഷ്യയിൽ സംഘർഷം രൂക്ഷമായി തുടരുന്നു. ആഗോളതലത്തിൽ ഊർജ മേഖല വൻ പ്രതിസന്ധിയിലൂടെയാണ് കടന്ന് പോകുന്നതെന്ന് അന്താരാഷ്ട്ര ആണവോർജ ഏജൻസി മുന്നറിയിപ്പ് നൽകി. ഇറാൻ വിക്ഷേപിച്ച ബാലിസ്റ്റിക് മിസൈലുകൾ വ്യോമ പ്രതിരോധ സംവിധാനങ്ങളിലൂടെ നിർവീര്യമാക്കിയതായി യു.എ.ഇ വ്യക്തമാക്കി. അതേസമയം ഇസ്രയേലിൻറെ മിസൈൽ ആക്രമണത്തിൽ ടെൽ അവീവിൽ നാല് പേർ കൊല്ലപ്പെട്ടു. നിരവധി കെട്ടിടങ്ങളും വാഹനങ്ങളും തകർന്നു. വിശദാംശങ്ങളിലേക്ക്...

(വോയിസ്)

## WEST ASIA CONFLICT (VOICE)

ലെബനന്റെ തെക്കൻ മേഖലയിൽ, ആക്രമണം കടുപ്പിച്ച് ഇസ്രായേൽ. ബെയ്റൂട്ടിന് സമീപമുണ്ടായ വ്യോമാക്രമണത്തിൽ രണ്ടുപേർ കൊല്ലപ്പെട്ടു. ലെബനനിൽ ഇതുവരെ 1000-ത്തിലധികം പേർ കൊല്ലപ്പെടുകയും 12 ലക്ഷത്തോളം പേർക്ക് പലായനം ചെയ്യുകയും ചെയ്യു. ആക്രമണങ്ങളെ അപലപിക്കുന്നതായി ലെബനൻ പ്രധാനമന്ത്രി നവാഫ് സലാം അറിയിച്ചു. ഇറാൻ നടത്തിയ ആക്രമണത്തിൽ അബുദാബിയിലെ അൽ ഷവാമെഖ് പ്രദേശത്ത് ഒരു ഇന്ത്യക്കാരന് പരിക്കേറ്റു. അതെസമയം യു.എസ്- ഇസ്രായേൽ അക്രമണങ്ങൾക്കെതിരെ

പ്രത്യാക്രമണം രൂക്ഷമാക്കിയതായി ഇസ്ലാമിക് റെവല്യൂഷണറി ഗാർഡ് കോർപ്പ് അറിയിച്ചു. പേർഷ്യൻ ഗൾഫിൽ മൈനുകൾ സ്ഥാപിക്കാൻ പദ്ധതിയിടുന്നുവെന്ന റിപ്പോർട്ടുകളും ഇറാൻ നിഷേധിച്ചു. ഹോർമുസ് കടലിടുക്കിന്റെ പൂർണ നിയന്ത്രണം ഇപ്പോഴും തങ്ങൾക്ക് തന്നെയാണെന്ന് ഇറാൻ വക്താവ് സൂചിപ്പിച്ചു. ഇറാന്റെ ഊർജ കേന്ദ്രങ്ങളെ പ്രതിരോധിക്കാൻ ബാലിസ്റ്റിക് മിസൈൽ യൂണിറ്റുകൾ സജ്ജമാണെന്ന് ഐ.ആർ.ജി.സി അറിയിച്ചു.

ന്യൂസ് ഡെസ്ക് ആകാശവാണി.......

&&&&&&&&&&&&&&&&&&

## LEBANON- EXPEL IRAN AMBASSADOR

ഇറാൻ അംബാസിഡർ രാജ്യം വിടണമെന്ന് ലെബനൻ സർക്കാർ. ഞായറാഴ്ചയ്ക്കകം രാജ്യം വിടണമെന്നും ബെയ്റൂട്ടിലെ ഇറാന്റെ എംബസി പ്രവർത്തനക്ഷമമായി തുടരുമെന്നും ലെബനൻ വിദേശകാര്യ മന്ത്രാലയ വക്താവ് വ്യക്തമാക്കി. ഇരു രാജ്യങ്ങൾക്കുമിടയിൽ വർദ്ധിച്ചുവരുന്ന സംഘർഷങ്ങൾക്കിടയിലാണ് ലെബനന്റെ നടപടി.

&&&&&&&&&&&&&&&&&&

## EC INTER STATE MEETING

തിരഞ്ഞെടുപ്പ് നടക്കുന്ന സംസ്ഥാനങ്ങളിലെയും അയൽ സംസ്ഥാനങ്ങളിലെയും ചീഫ് സെക്രട്ടറിമാർ, ഡിജിപിമാർ, സി.ഇ.ഒമാർ, എൻഫോഴ്സ്മെന്റ് ഏജൻസി മേധാവികൾ എന്നിവരുമായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ അവലോകന യോഗം ചേർന്നു. തിരഞ്ഞെടുപ്പ് ഒരുക്കങ്ങൾ വിലയിരുത്താനും ഏകോപനം മെച്ചപ്പെടുത്താനും അക്രമരഹിതവും ഭയരഹിതവും പ്രലോഭനങ്ങളില്ലാത്തതുമായ തിരഞ്ഞെടുപ്പ് ഉറപ്പാക്കാനും കമ്മീഷൻ നിർദ്ദേശം നൽകി.

&&&&&&&&&&&&&&&&&&

## SCRUTINY OF PAPERS

കേരളത്തിൽ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്നു നടന്നു. ആദ്യ കണക്കുകൾ പ്രകാരം സംസ്ഥാനത്താകെ 330 പത്രികകളാണ് നിരസിച്ചിട്ടുള്ളത്. ആകെ ലഭിച്ച 2,125 നാമനിർദ്ദേശ പത്രികകളിൽ 1,603 എണ്ണം സ്വീകരിച്ചതായി ജില്ലകളിൽ നിന്നുള്ള ആദ്യ കണക്കുകൾ വ്യക്തമാക്കുന്നു. രണ്ടു പത്രികകൾ പിൻവലിച്ചു. വ്യാഴാഴ്ചവരെ പത്രിക പിൻവലിക്കാം. കേരളത്തിനൊപ്പം തിരഞ്ഞെടുപ്പ് നടക്കുന്ന അസമിലും പുതുച്ചേരിയിലും ഇന്നാണ് സൂക്ഷ്മ പരിശോധന.

&&&&&&&&&&&&&&&&&&

## ASSEMBLY ELECTIONS

സംസ്ഥാനം നിയമസഭ തിരഞ്ഞെടുപ്പ് ചൂടിൽ. എല്ലാ മണ്ഡലങ്ങളിലേയും മത്സരചിത്രം ഏറെക്കുറെ തെളിഞ്ഞതോടെ പരസ്യ പ്രചാരണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ഒരുങ്ങുകയാണ് മുന്നണികൾ. എൻ.ഡി.എ യുടെ പ്രചാരണത്തിനായി പ്രധാനമന്ത്രിയും ബിജെപിയുടെ മുതിർന്ന നേതാവുമായ നരേന്ദ്ര മോദി, ധനമന്ത്രിയും പാർട്ടി നേതാവുമായ നിർമല സീതാരാമൻ തുടങ്ങിയവർ എത്തും. ലോക്സഭാ പ്രതിപക്ഷ നേതാവും മുതിർന്ന കോൺഗ്രസ് നേതാവുമായ രാഹുൽഗാന്ധി യു.ഡി.എഫിനായി നാളെ കോഴിക്കോട്ട് പ്രചാരണം നടത്തും. എൽ.ഡി.എഫ് പ്രചാരണം മുഖ്യമന്ത്രിയും മുതിർന്ന സിപിഎം നേതാവുമായ പിണറായി വിജയന്റെ നേതൃത്വത്തിൽ വിവിധ ജില്ലകളിൽ പുരോഗമിക്കുന്നു.

&&&&&&&&&&&&&&&&&&

## SC-SCHEDULED CASTE STATUS

ഹിന്ദു, സിഖ്, ബുദ്ധ മതവിശ്വാസത്തിൽപ്പെട്ടവർക്ക് മാത്രമേ പട്ടികജാതി പദവിക്ക് അർഹതയുള്ളൂ എന്ന് സുപ്രീം കോടതി. മറ്റ് മതങ്ങളിലേക്കുള്ള പരിവർത്തനത്തിലൂടെ പട്ടികജാതി പദവി പൂർണ്ണമായി നഷ്ടപ്പെടുമെന്നും കോടതി. ആന്ധ്രാപ്രദേശ് ഹൈക്കോടതിയുടെ ഉത്തരവ് ശരിവച്ചുകൊണ്ടായിരുന്നു സുപ്രീംകോടതി വിധി. മറ്റു മതത്തിലേക്ക് പരിവർത്തനം ചെയ്യുന്ന ദളിത് വിഭാഗത്തിലുള്ളവർക്ക് പട്ടികജാതി-പട്ടികവർഗ (അതിക്രമങ്ങൾ തടയൽ) നിയമപ്രകാരം സംരക്ഷണം അവകാശപ്പെടാൻ കഴിയില്ലെന്നും ജസ്റ്റിസുമാരായ പി.കെ. മിശ്ര, മൻമോഹൻ എന്നിവരടങ്ങിയ ബെഞ്ച് നിരീക്ഷിച്ചു.

&&&&&&&&&&&&&&&&&

## MIAMI OPEN

മിയാമി ഓപ്പൺ ടെന്നീസിൽ, ബെലറൂസിന്റെ അരിന സബലെങ്ക ക്വാർട്ടറിൽ പ്രവേശിച്ചു. ചൈനീസ് താരത്തെ നേരിട്ടുള്ള സെറ്റുകൾക്ക് തോൽപിച്ചാണ് സബലെങ്കയുടെ ക്വാർട്ടർ പ്രവേശനം. ക്വാർട്ടറിൽ അമേരിക്കയുടെ ഹെയ്‌ലി ബാപ്റ്റിസ്റ്റാണ് സബലെങ്കയുടെ എതിരാളി.

&&&&&&&&&&&&&&&&&

## SWATHI THIRUNAL MUSIC FESTIVAL

ആകാശവാണി തിരുവനന്തപുരം നിലയത്തിന്റെ ഈ വർഷത്തെ ശ്രീ സ്വാതി തിരുനാൾ സംഗീതോത്സവത്തിന് തിരുവനന്തപുരം ശ്രീ സ്വാതി തിരുനാൾ സംഗീത കോളേജിൽ തിരി തെളിഞ്ഞു. ചടങ്ങിൽ അശ്വതി തിരുനാൾ രാമ വർമ്മ, ആകാശവാണി തിരുവനന്തപുരം നിലയമേധാവി എ. ജി. ബൈജു, പ്രോഗ്രാം മേധാവി P A ബിജു, കോളേജ് പ്രിൻസിപ്പൽ പ്രൊഫസർ വീണ വി.ആർ എന്നിവർ സന്നിഹിതരായിരുന്നു.

തുടർന്ന് ശ്രീഓച്ചിറ വി.ശിവദാസനും സംഘവും നാഗസ്വരക്കച്ചേരി അവതരിപ്പിച്ചു.

&&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&

&&&&&&